# ശിവരാത്രി മഹോൽസവം 2020

## പത്രക്കുറിപ്പ്

ചരിത്ര പ്രസിദ്ധമായ ആലുവ ശിവരാത്രി മഹോത്സവത്തിൻെറ സുഗമമായ നടത്തിപ്പിന് വേണ്ടി വിപുലമായ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു.എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി ശ്രീ കാർത്തിക്. IPS , ആലുവ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ ജി വേണു, എന്നിവരുടെ നേതൃത്വത്തിൽ **10 ഡി.വൈ.എസ്.പി മാർ, 30-സി.ഐ.മാർ, 164-എസ്.ഐ/എ.എസ്.ഐ-മാർ, 1500-എസ്.സി.പി.ഒ /സി.പി.ഒ-മാർ , 200-വനിത സി.പി.ഒ-മാർ** എന്നിവരടങ്ങുന്ന വിപുലമായ പോലീസ് സംഘത്തെയാണ് ഡ്യൂട്ടിയ്ക്കായി നിയോഗിച്ചിട്ടുള്ളത്, കൂടാതെ പോക്കടിക്കാരെയും , പിടിച്ചുപറിക്കാരെയും മറ്റും നിരീക്ഷിക്കുന്നതിനായി എല്ലാ ജില്ലകളിൽ നിന്നുള്ള മഫ്ടി പോലീസ് ഉൾപ്പെടുന്ന പ്രത്യേക സ്ക്വാഡ് രൂപീകരിച്ചിട്ടുള്ളതും, നിരീക്ഷണ ക്യാമറകൾ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ളതുമാണ്. കൂടാതെ മണപ്പുറത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്ന പോലീസ് കൺട്രോൾ റൂം 21.2.2020 തീയതി മുതൽ പ്രവർത്തനമാരംഭിക്കുന്നതാണ്. ആത്യാവശ്യഘട്ടങ്ങളിൽ രോഗികളെ പരിചരിക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതുമാണ് ആംബുലൻസ് സർവ്വീസും ലഭ്യമാണ് .

## ഗതാഗത നിയന്ത്രണം

ആലുവ ശിവരാത്രിയോടനുബന്ധിച്ച് 21.02.2020 തീയതി വൈകി 04.00 മണി മുതൽ 22.02.2020 തീയതി പകൽ 02.00 മണി വരെ താഴെ പറയുന്ന വിധത്തിൽ ആലുവ ടൗണിൽ ട്രാഫിക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതാണ്. ഇതുമായി സഹകരിക്കുന്നതിന് പൊതുജനങ്ങളോട് പ്രത്യേകം അഭ്യർത്ഥിക്കുന്നു .

1) മണപ്പുറത്തേയ്ക്ക് വരുന്ന എല്ലാ വാഹനങ്ങളും സെമിനാരിപ്പടിയിൽ നിന്നും**GCDA** റോഡു വഴി ആയുർവ്വേദ ആശുപത്രിയ്ക്ക് മുന്നിലൂടെ മണപ്പുറത്തേയ്ക്കു പോകേണ്ടതാണ്. മണപ്പുറത്ത് KSRTC-ബസ്സുകൾക്കും, പ്രൈവറ്റ് വാഹനങ്ങൾക്കും പാർക്ക് ചെയ്യുന്നതിനായി പ്രത്യേകം പ്രത്യേകം ഗ്രൗണ്ട് തയ്യാറാക്കിയിട്ടുണ്ട്. **( ONE WAY TRAFFIC** ആയിരിക്കും)

2) മണപ്പുറം ഭാഗത്ത് നിന്നുള്ള **KSRTC** ബസ്സുകൾ മറ്റ് പ്രൈവറ്റ് വാഹനങ്ങൾ എന്നിവ ഓൾഡ് ദേശം റോഡ് വഴി നേരെ പറവൂർ കവലയിൽ എത്തണം. ( **ONE WAY TRAFFIC** ആയിരിക്കും).

3) തോട്ടയ്ക്കാട്ടുക്കര ജംങ്ഷനിൽ നിന്നും മണപ്പുറത്തേയ്ക്ക് യാതൊരുവിധ വാഹന ഗതാഗതവും അനുവദിക്കുന്നതല്ല .

4) വരാപ്പുഴ, എടയാർ ഭാഗങ്ങളിൽ നിന്നും വരുന്ന ബസ്സുകൾ തേട്ടയ്ക്കാട്ടുക്കര കവലയിൽ നിന്നും, ഇടത്തോട്ട് തിരിഞ്ഞ് , അവിടെ ആളുകളെ ഇറക്കിയതിന് ശേഷം പറവൂർ കവല. യു.സി കോളേജ് , കടുങ്ങല്ലൂർ വഴി തിരികെ പോകണം.

5) അങ്കമാലി ഭാഗത്ത് നിന്നും വരുന്ന പ്രൈവറ്റ് ബസ്സുകൾ പറവൂർ കവലയ്ക്ക് സമീപമുള്ള ടെസ്റ്റ് ഗ്രൗണ്ടിൽ യാത്ര അവസാനിപ്പിച്ച് അവിടെ നിന്നും മടങ്ങി പോകേണ്ടതാണ് .

6) എറണാകുളം ഭാഗത്ത് നിന്നും NH വഴി ആലുവയ്ക്ക് വരുന്ന പ്രൈവറ്റ് ബസ്സുകൾ , പുളിഞ്ചോട് ജംങ്ഷനിൽ നിന്നും , കാരോത്തുകുഴി ജംഗ്ഷൻ വഴി പ്രൈവറ്റ് ബസ് സ്റ്റാൻഡിൽ എത്തേണ്ടതും , പ്രൈവറ്റ് സ്റ്റാൻഡിൽ നിന്നും തിരികെ എറണാകുളം ഭാഗത്തേക്കുള്ള പ്രൈവറ്റ് ബസ്സുകൾ ബാങ്ക് കവല ബൈപാസ് വഴി മടങ്ങിപോകേണ്ടതാണ്.

7) എറണാകുളം ഭാഗത്ത് നിന്നും NH വഴി ആലുവയ്ക്ക് വരുന്ന KSRTC ബസ്സുകൾ പുളിഞ്ചോട് നിന്നും സർവീസ് റോഡ് വഴി സീമാസിനു മുൻവശം യാത്രാക്കാരെ ഇറക്കിയതിനു ശേഷം അണ്ടർ പാസ് വഴി വലത്തേക്ക് തിരിഞ്ഞ് സർവീസ് റോഡെ പുളിഞ്ചോട് ജംഗ്ഷനിലെത്തി കാരോത്തുകുഴി കവല വഴി KSRTC സ്റ്റാൻഡിൽ എത്തേണ്ടതും , KSRTC സ്റ്റാൻഡിൽ നിന്നും തിരികെ എറണാകുളം ഭാഗത്തേക്കുള്ള ബസ്സുകൾ കാരോത്തുകുഴി പ്രൈവറ്റ് സ്റ്റാൻഡ് ,ബാങ്ക് കവല ബൈപാസ് വഴി മടങ്ങിപോകേണ്ടതുമാണ്

8) പെരുമ്പാവൂർ ഭാഗത്ത് നിന്നും വരുന്ന **KSRTC** ബസ്സുകൾ , പമ്പ് ജംങ്ഷൻ വഴി ആലുവ മഹാത്മഗാന്ധി ടൗൺ ഹാളിന് മുൻവശമുള്ള താൽക്കാലിക സ്റ്റാൻഡിൽ എത്തി , അവിടെ നിന്നും തിരികെ സർവ്വീസ് നടത്തേണ്ടതാണ്.

9) പെരുമ്പാവൂർ ഭാഗത്ത് നിന്നും വരുന്ന പ്രൈവറ്റ് ബസ്സുകൾ ,റെയിൽവേ സ്ക്വയർ കാരോത്തുകുഴി –വഴി സ്റ്റാൻഡിൽ പ്രവേശിക്കേണ്ടതും അവിടെനിന്നും തിരികെ പെരുമ്പാവൂർ ഭാഗത്തേക്ക് ബസ്സുകൾ പ്രൈവറ്റ് ബസ് സ്റ്റാൻഡിൽ നിന്നും ,ബാങ്ക് കവല ബൈപാസ് സർവീസ് റോഡെ പുളിഞ്ചോട്

കവലയിലെത്തി കാരോത്തുകുഴി കവല, ആശുപത്രി ജംഗ്ഷൻ, IMA ജംഗ്ഷൻ, പവർ ഹൗസ് ജംഗ്ഷൻ വഴി പോകേണ്ടതുമാണ്.

10) ബാങ്ക് കവല മുതൽ മഹാത്മഗാന്ധി ടൗൺഹാൾ റോഡ് വരെ സ്വകാര്യവാഹനങ്ങൾ ഉൾപ്പെടെ യാതൊരുവിധ വാഹന ഗതാഗതവും അനുവദിക്കുന്നതല്ല.

11) ഹൈവെകളിലും , പ്രാന്തപ്രദേശങ്ങളിലും , ഗതാഗത കുരുക്ക് ഒഴിവാക്കുന്നതിനായി റോഡ് സൈഡിൽ വാഹനങ്ങൾ പാർക്ക് ചെയ്യാൻ അനുവദിക്കുന്നതല്ല.

12) 21.2.2020 തീയതി രാത്രി 10.00 മണി മുതൽ 22.2.2020 തീയതി പകൽ 10.00 മണിവരെ തൃശ്ശൂർ ഭാഗത്തുനിന്നും വരുന്ന ഹെവി വാഹനങ്ങൾ എല്ലാം തന്നെ അങ്കമാലിയിൽ നിന്നും എം.സി റോഡിലൂടെ അതാത് സ്ഥലങ്ങളിലേക്ക് പോകേണ്ടതാണ്.

13) എറണാകുളത്ത് നിന്നും വരുന്ന ഹെവി വാഹനങ്ങൾ എല്ലാം തന്നെ കളമശ്ശേരിയിൽ നിന്നും കണ്ടെയ്നർ റോഡ് വഴി പറവൂർ എത്തി മാഞ്ഞാലി റോഡിൽ പ്രവേശിച്ച് അത്താണി ജംഗ്ഷൻ വഴി തൃശ്ശൂർ ഭാഗത്തേക്ക് പേകേണ്ടതാണ്.

14) NH –റോഡിൻെറ ഇരുവശത്തും യാതൊരുവിധ പാർക്കിംഗും അനുവദിക്കുന്നതല്ല

## ***മറ്റ് ക്രമീകരണങ്ങൾ***

ശിവരാത്രിയോടനുബന്ധിച്ച് തിരക്കിൽപ്പെട്ട് അനിഷ്ടസംഭവങ്ങളും മറ്റും ഒഴിവാക്കുന്നതിനും , ജനങ്ങളുടെ സുരക്ഷ ഉറപ്പ് വരുത്തുന്നതിനും , താഴെ പറയുന്ന ക്രമീകരണങ്ങൾ കൂടി ഉണ്ടായിരിക്കുന്നതാണ്.

.

1. മണപ്പുറത്തുള്ള അമ്പലത്തിൽ നിന്നും , 50 മീറ്റർ ചുറ്റളവിൽ യാതൊരുവിധ വഴിയോരകച്ചവടങ്ങളും അനുവദിക്കുന്നതല്ല.
2. ആലുവ മുനിസിപ്പാലിറി ഏരിയ യാചക നിരോധന മേഖലയായി **20.2.2020** തീയതി മുതൽ പ്രഖ്യാപിച്ചിട്ടുള്ളതാണ്.

3. കുളിക്കടവിലും , പുഴയിലും , ലൈഫ് ബാഗ് ഉൾപ്പെടെയുള്ള , ബോട്ടുകൾ ഒരു സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ പട്രോളിംങ് നടത്തുന്നതാണ് .

4. ആവശ്യത്തിനുള്ള ആംബുലൻസ് സർവ്വീസ് , മെഡിക്കൽ ഓഫീസേഴ്സിൻെറ നേതൃത്വത്തിൽ പ്രവർത്തിക്കുന്നതാണ്.

5. റൗഡികളുടെയും , ഗുണ്ടകളുടെയും പ്രവർത്തനങ്ങൾ ഒഴിവാക്കുന്നതിനായി, ടിയാൻമാരെ നിരീക്ഷിക്കുന്നതിനായി സ്പെഷ്യൽ സ്ക്വാഡ് രൂപീകരിച്ചിട്ടുള്ളതാണ്.

6. ആലുവ റെയിൽവെ സ്റ്റേഷനിലെ തിരക്ക് നിയന്ത്രിക്കുന്നതിന് , പ്രത്യേകമായി പോലീസ് പാർട്ടിയെ വിന്യസിക്കുന്നതാണ്.

7. പ്രധാനപ്പെട്ട ജംങ്ഷനുകളിലും , തിരക്കുള്ള സ്ഥലങ്ങളിലും , സാമൂഹ്യവിരുദ്ധരെ നിരീക്ഷിക്കുന്നതിനായി **CCTV** ക്യാമറകൾ സ്ഥാപിച്ചിട്ടുള്ളതും, ആയത് മുഴുവൻ സമയം നിരീക്ഷിക്കുന്നതുമാണ്. കൂടാതെ സദാസമയവും , ജാഗരൂകരായ പോലീസ് ഉദ്യോഗസ്ഥർ വാച്ച് ടവറുകളിൽ നിലയുറപ്പിച്ചിട്ടുള്ളതാണ് .

8. ആലുവ പട്ടണത്തിലും , പരിസര പ്രദേശത്തും , 21.2.2020 22.02.2020 എന്നീ തീയതികളിൽ മദ്യവിൽപ്പനയും , ഉപഭോഗവും നിരോധിച്ചിട്ടുള്ളതാണ്.

9. ശിവരാത്രി മണപ്പുറത്തേയ്ക്ക് , ബലിയിടുന്നതിനും , ബലിദർപ്പണത്തിനും പോകുന്ന ഭക്തജനങ്ങൾ പാലത്തിലൂടെ സഞ്ചരിക്കുമ്പോൾ , അമിതമായ തിരക്ക് ഒഴിവാക്കുന്നതിനായി , ഡ്യൂട്ടിയിലുള്ള പോലീസ് ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കേണ്ടതാണ്.